# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *321 — 12.12.2018 ൽ മറുപടിക്ക്

**സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങളോടുള്ള കേന്ദ്ര പ്രതികരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.പി. ഉണ്ണി<br>പ്രൊഫ.കെ.യു. അരുണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന മുഖ്യമന്ത്രിക്കും സർവകക്ഷി നിവേദക സംഘത്തിനും, ഭക്ഷ്യഭദ്രത നിയമത്തിന്റെ പേരിൽ അരി നിഷേധിക്കുന്നതുപോലുള്ള പ്രശ്നങ്ങളും പൊതുവികസന പ്രശ്നങ്ങളും പ്രകൃതി ദുരന്തം നേരിടാനുള്ള സഹായത്തിന്റെ ആവശ്യകതയും ധരിപ്പിക്കുന്നതിന് പ്രധാനമന്ത്രിയെ കാണാൻ അവസരം നൽകാതിരിക്കുകയും കലാരംഗത്ത് പ്രശസ്തരായവരിൽ ചിലരെ അങ്ങോട്ട് വിളിച്ച് കാണുകയും ചെയ്യുന്ന നിലപാട് രാജ്യത്തിന്റെ ഫെഡറൽ അടിത്തറയെ ദുർബലപ്പെടുത്തുമെന്നതിനാൽ ജനാധിപത്യപരമായ നിലപാട് സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) & (ബി) | സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്ന വിവിധ ആവശ്യങ്ങളിൽ ഭക്ഷ്യഭദ്രത നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനത്തിനുമാത്രമായി ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിന് നിർവ്വാഹമില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി 5616 കോടി രൂപയുടെ പുനരധിവാസ സഹായവും പ്രത്യേക ധനസഹായമായി 5000 കോടി രൂപയും സൗജന്യമായി അരിയും മണ്ണെണ്ണയും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും 600 കോടി രൂപ മാത്രമാണ് ആദ്യഘട്ട ധനസഹായമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. എന്നാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അരിയുടെയും മണ്ണെണ്ണയുടെയും വിലയിനത്തിൽ 265.74 കോടി രൂപ ഈടാക്കുമെന്ന വ്യവസ്ഥയും ഉൾക്കൊള്ളിച്ചിരുന്നു. ഇത് കൂടാതെ പ്രളയകാലത്തെ രക്ഷാപ്രവർത്തനത്തിന് വ്യോമസേനയിൽ നിന്നും വിമാനകൂലി ഇനത്തിൽ 33.79 കോടി രൂപയുടെ ബിൽ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. ദുരന്ത പുനരധിവാസ ധനസഹായമായി അധിക തുക അനുവദിച്ചതായി ഔദ്യോഗികമായി അറിയിപ്പ് സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനം ഉന്നയിച്ച വിവിധ ആവശ്യങ്ങളോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം അറിയിക്കാമോ; | | |
| (സി) | ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിക്കണമെന്ന നീതിയുക്തമായ ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്തായിരുന്നു; | (സി) | 2018 മെയ് 15-ന് ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഭക്ഷ്യവിഹിതം വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. 2013-ൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുൻപുള്ള മൂന്ന് വർഷത്തെ ഭക്ഷ്യധാന്യത്തിന്റെ ഓഫ് ടേക്കിന്റെ ശരാശരി കണക്കാക്കിയാണ് ഓരോ സംസ്ഥാനത്തിനും വിഹിതം നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ ഒരു സംസ്ഥാനത്തിന് മാത്രമായി ഇക്കാര്യത്തിൽ ഇളവനുദിക്കാൻ കഴിയില്ലായെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | വികസന പ്രക്രിയയിൽ സംസ്ഥാനങ്ങൾക്ക് കൂടി തുല്യ പ്രാധാന്യം നേടിയെടുക്കാനായി നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ? | (ഡി) | കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ഫെഡറൽ സംവിധാനത്തിലൂന്നിയുള്ള മികച്ച ബന്ധം നിലനിർത്തുന്നതിനായി Inter State Council അടക്കമുള്ള ഭരണഘടനാപരമായ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ കേന്ദ്ര പദ്ധതികൾ മുഖേന സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് നിന്നുള്ള പർലമെന്റ് അംഗങ്ങൾ മുഖേന കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ചില അവസരങ്ങളിൽ സർവകക്ഷി നേതാക്കളടക്കം പ്രധാനമന്ത്രിയെയും മറ്റ് കേന്ദ്രമന്ത്രിമാരെയും സന്ദർശിച്ച് സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ അറിയിച്ച് സഹായം അഭ്യർത്ഥിക്കാറുണ്ട്. തൊഴിലുറപ്പ് പദ്ധതി ലോക ബാങ്ക്-എഡിബി, നബാർഡ് വായ്പകൾ, ഭക്ഷ്യസുരക്ഷ, പ്രളയദുരിതാശ്വാസ ധനസഹായം, റെയിൽ, റോഡ്, വ്യോമയാന വികസനം തുടങ്ങി പ്രധാന വിഷയങ്ങളിൽ പ്രത്യേക ഊന്നൽ നൽകി നടപടി സ്വീകരിക്കാറുണ്ട്. ജി.എസ്.ടി പോലെയുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന വിഷയങ്ങളിൽ കേരളത്തിന്റെ ആശങ്ക അറിയിക്കുന്നതിനും അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ശ്രമം നടത്തിയിട്ടുണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി ജി.എസ്.ടി ക്ക് സെസ്സ് ഏർപ്പെടുത്തുക, വായ്പ പരിധി നിലവിലുള്ള 3 ശതമാനത്തിൽ നിന്നും എസ്.ജി.ഡി.പി യുടെ 4.5 ശതമാനം ആക്കി ഉയർത്തുക, കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും 3000 കോടി രൂപ അധിക ഗ്രാന്റായി അനുവദിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം 10 ശതമാനം അധികമായി നൽകുക എന്നീ പ്രത്യേക ആവശ്യവും കേന്ദ്ര സർക്കാർ മുമ്പാകെ അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അർഹമായ വിഹിതം നേടിയെടുക്കാൻ അതത് ഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**